**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2276** **01-09-2022 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്ഥാപനങ്ങൾക്കുള്ള സാമ്പത്തിക വിഹിതം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ജെ. ജോസഫ് | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) |

(എ) സംസ്ഥാന ധനകാര്യ കമ്മീഷന്റെ അവാർഡ് പ്രകാരം സാമ്പത്തിക വർഷത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ ലഭ്യമാക്കേണ്ട സാമ്പത്തിക സഹായവും അതിന്റെ മാനദണ്ഡങ്ങളും വിശദമാക്കാമോ;

(എ) ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശിപാർശകളിന്മേൽ സർക്കാർ കൈക്കൊണ്ട തീരുമാന പ്രകാരമാണ് നിലവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫണ്ടുകൾ അനുവദിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന വിവിധ ഇനം ഫണ്ടുകൾ താഴെ പറയും പ്രകാരമാണ് .

I.പൊതു ആവശ്യ ഫണ്ട്
II.സംരക്ഷണ ഫണ്ട് [റോഡ്/ റോഡിതരം]
III.വികസന ഫണ്ട് [പൊതു വിഭാഗം, എസ്.സി.എസ്.പി (SCSP), ടി.എസ്.പി (TSP)]

**പൊതു ആവശ്യ ഫണ്ട്**

സംസ്ഥാനത്തിന്റെ അറ്റ തനത് നികുതി വരുമാനത്തിന്റെ 4% ആണ് പ്രാദേശിക സർക്കാരുകൾക്കുള്ള പൊതു ആവശ്യ ഫണ്ടായി നീക്കി വെച്ചിട്ടുള്ളത്. ജില്ല പഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും മുൻവർഷത്തേക്കാൾ 12% വർദ്ധനവ് നൽകുകയും ശേഷിക്കുന്ന തുക ജനസംഖ്യയുടെ അടിസ്ഥാനത്തിൽ മാത്രം ഗ്രാമ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവയ്ക്ക് വിതരണം നടത്തി വരുന്നു. ശബരിമലയ്ക്ക് ചുറ്റുമുള്ള എരുമേലി, ചിറ്റാർ, റാന്നി-പെരുനാട്, വടശ്ശേരിക്കര, സീതത്തോട്, നാറാണമൂഴി എന്നീ ആറ് ഗ്രാമപഞ്ചായത്തുകൾക്ക് 15 ലക്ഷം രൂപ വീതവും ഗുരുവായൂർ മുനിസിപ്പാലിറ്റിയ്ക്ക് 25 ലക്ഷം രൂപയും സ്പെഷ്യൽ ഗ്രാന്റായി പൊതു ആവശ്യ ഫണ്ടിന്റെ മൊത്തം വിഹിതത്തിൽ നിന്നും നൽകുന്നുണ്ട്.

**റോഡ്/ റോഡിതര സംരക്ഷണ ഫണ്ട്**

സംസ്ഥാനത്തിന്റെ അറ്റ തനത് നികുതിയുടെ 4% റോഡ് സംരക്ഷണ ഫണ്ടായും 2.5% റോഡിതര **സംരക്ഷണ** ഫണ്ടായും കണക്കാക്കിയാണ് തുക വിതരണം നടത്തുന്നത്. 2020-21 വർഷത്തെ ഫണ്ടിന്റെ അതേ അനുപാതത്തിലാണ് ഈ തുകയുടെ വിതരണം നടത്തുന്നത്.

**വികസന ഫണ്ട്**

സംസ്ഥാനത്തിന്റെ പദ്ധതി അടങ്കലിന്റെ ഒരു നിശ്ചിത ശതമാനമാണ് പ്രാദേശിക സർക്കാരുകൾക്കുള്ള വികസന ഫണ്ടിന്റെ മൊത്തം വിഹിതമായി കണക്കാക്കിയിട്ടുള്ളത്. 2022 -23 സാമ്പത്തിക വർഷം 26.5 % ആയ 8048 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റും വികസന ഫണ്ടിന്റെ ഭാഗമായിട്ടാണ് കണക്കാക്കിയിട്ടുള്ളത്.

2022-23 മുതൽ ഫണ്ട് വിതരണം നടത്തേണ്ടുന്ന മാനദണ്ഡം ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ട്. ഇതിന്മേൽ സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ബജറ്റ് അവതരിപ്പിച്ചതിന് ശേഷമാണ് ഇത്തരത്തിൽ തീരുമാനം എടുത്തിട്ടുള്ളത്. ആകയാൽ 2021-22 സാമ്പത്തിക വർഷത്തെ മാനദണ്ഡ പ്രകാരമാണ് നിലവിൽ ഫണ്ട് വിതരണം നടത്തിയിട്ടുള്ളത്. സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം ഫണ്ട് പുനർ വിതരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഫണ്ട് വിതരണം നടത്തുന്നതിനുള്ള മാനദണ്ഡം താഴെ പറയും പ്രകാരമാണ്.

കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉൾപ്പെടെയുള്ള വികസന ഫണ്ടിന്റെ പൊതു വിഭാഗം ഫണ്ട് 5 തലത്തിലുള്ള പ്രാദേശിക സർക്കാരുകൾക്ക് താഴെ പറയും പ്രകാരം വിഭജിച്ചിരിക്കുന്നു.

| **ക്രമ നം.** | **മാനദണ്ഡം** | **ഗ്രാമ പഞ്ചായത്ത്** | **ബ്ലോക്ക് പഞ്ചായത്ത്** | **ജില്ലാ പഞ്ചായത്ത്** | **മുനിസിപ്പാലിറ്റി** | **മുനിസിപ്പൽ കോർപ്പറേഷൻ** |
|---|---|---|---|---|---|---|
| വെയിറ്റേജ് (%) | | | | | | |
| 1 | പട്ടികജാതി പട്ടികവർഗ്ഗ ഇതര ജനസംഖ്യ (2011 സെൻസസ് പ്രകാരം ) | 40 | 50 | 50 | 40 | 40 |
| 2 | വിസ്തീർണ്ണം (ചതു.കി.മീ) | 10 | 10 | 10 | 10 | 10 |
| 3 | പാരിസ്ഥിതിക ദൗർബല്യം (Environmental Vulnerability)<br><br>(1) വെള്ളപ്പൊക്ക സമതല പ്രദേശം (Ha) | 10 | 10 | 10 | 10 | 10 |

| | | | | | | |
|---|---|---|---|---|---|---|
| | (2) തീരദേശ മേഖലയുടെ നീളം (Km)<br><br>(3) ഉയർന്ന അപകട സാധ്യതയുള്ള മേഖല (Ha)<br><br>4) മീഡിയം അപകട സാധ്യതയുള്ള മേഖല (Ha)<br><br>[(3) നം (4) നമുള്ള വെയിറ്റേജ് യഥാക്രമം 2/3 : 1/3 ആണ്]. | | | | | |
| 4 | ഇല്ലായ്മയുടെ തോത് (Deprivation Index)<br><br>1.LPG കണക്ഷൻ ഇല്ലാത്ത വീടുകൾ<br><br>2. വൈദ്യുതി ഇല്ലാത്ത വീടുകൾ<br><br>3. ജലകണക്ഷൻ ഇല്ലാത്ത വീടുകൾ<br><br>4. അന്ത്യോദയ അന്നയോജന മുൻഗണനയുള്ള വീടുകൾ<br><br>5. ആളോഹരി തനതു വരുമാന വ്യത്യാസവും ജനസംഖ്യയും തമ്മിലുള്ള ഗുണനഫലം<br><br>(ഇത് ജില്ല -ബ്ലോക്ക് പഞ്ചായത്തുകൾക്ക് ബാധകമല്ല.). | 25 | 30 | 30 | 25 | 25 |
| 5 | വരുമാന സമാഹരണത്തിനുള്ള പ്രോത്സാഹനം | 15 | | | 15 | 15 |
| | ആകെ | 100 | 100 | 100 | 100 | 100 |

ഗ്രാമ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കും UFC ഗ്രാന്റ് ഒഴികെയുള്ള പൊതു വിഭാഗം ഫണ്ട് അനുവദിക്കുമ്പോൾ മുൻ വർഷത്തെ അപേക്ഷിച്ച് പരമാവധി കുറവ് 15% ആയും പരമാവധി വർദ്ധനവ് 75% ആയും നിജപ്പെടുത്തുന്നതാണ്.

SCSP ഫണ്ടുകൾ ഗ്രാമീണ പ്രാദേശിക സർക്കാരുകൾ, മുനിസിപ്പാലിറ്റികൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവിടങ്ങളിലെ പട്ടികജാതി ജനസംഖ്യയുടെ അനുപാതത്തിന്റെ അടിസ്ഥാനത്തിൽ വിഭജിക്കണം. (അതായത്, 2011ലെ സെൻസസ് പ്രകാരം 83.25:10.25:6.50 എന്ന അനുപാതത്തിൽ). ഗ്രാമീണ പ്രാദേശിക സർക്കാരുകൾക്കുള്ള വിഹിതം വീണ്ടും 60:20:20 എന്ന അനുപാതത്തിൽ ഗ്രാമ / ബ്ളോക്ക് / ജില്ലാ പഞ്ചായത്തുകൾക്കായി വിഭജിച്ചിരിക്കുന്നു. ജനസംഖ്യക്കും ഇല്ലായ്മയുടെ തോതിനും (deprivation index) 60:40 എന്ന അനുപാതത്തിൽ വെയിറ്റേജ് കൊടുത്തു കൊണ്ടാണ് പട്ടികജാതി ഉപപദ്ധതി (SCSP) ഫണ്ട് പ്രാദേശിക സർക്കാരുകൾക്ക് വിതരണം നടത്തിയിട്ടുള്ളത്. ഗ്രാമ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കുമുള്ള പട്ടികജാതി ഉപപദ്ധതി ഫണ്ട് അനുവദിക്കുമ്പോൾ മുൻ വർഷത്തെ അപേക്ഷിച്ച് പരമാവധി കുറവ് 15% ആയും പരമാവധി വർദ്ധനവ് 40% ആയും നിജപ്പെടുത്തിയിട്ടുണ്ട്.

പട്ടികവർഗ്ഗ ഉപപദ്ധതി (TSP) ഫണ്ടുകൾ ഗ്രാമീണ പ്രാദേശിക സർക്കാരുകൾ, മുനിസിപ്പാലിറ്റികൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവിടങ്ങളിലെ പട്ടികവർഗ്ഗ ജനസംഖ്യയുടെ അനുപാതത്തിൽ ഗ്രാമ പ്രദേശങ്ങൾ, മുനിസിപ്പാലിറ്റികൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവർക്കായി വിഭജിച്ചിരിക്കുന്നു. (അതായത് 91.96:6.08:1.96). ഗ്രാമീണ പ്രാദേശിക സർക്കാരുകളുടെ വിഹിതം വീണ്ടും 60:20:20 എന്ന അനുപാതത്തിൽ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്കായി വിഭജിച്ചിരിക്കുന്നു. എല്ലാ ശ്രേണികളിലുമുള്ള പ്രാദേശിക സർക്കാരുകളുടെ പട്ടികവർഗ്ഗ ഉപപദ്ധതി ഫണ്ട് ജനസംഖ്യ 60%, ഇല്ലായ്മയുടെ തോത് (Index of Deprivation) 40% എന്ന വെയിറ്റേജ് പ്രകാരം വിതരണം നടത്തുന്നു.

2011-ലെ സെൻസസ് പ്രകാരം പട്ടിക വർഗ്ഗ ജനസംഖ്യ 50 എങ്കിലുമുള്ള പ്രാദേശിക സർക്കാരുകൾക്ക് മാത്രമേ TSP ഫണ്ടുകൾ വിതരണം നടത്തിയിട്ടുള്ളൂ.

| | | | |
|---|---|---|---|
| (ബി) | കഴിഞ്ഞ സർക്കാർ അധികാരത്തിൽ വന്നശേഷം തദ്ദേശ സ്ഥാപനങ്ങൾക്ക് നാളിതുവരെ നൽകിയ സാമ്പത്തിക സഹായം എത്രയെന്ന് വിശദമാക്കാമോ; | (ബി) | 72725.26 കോടി രൂപ. |
| (സി) | സാമ്പത്തിക | (സി) | 2018-19, സാമ്പത്തിക വർഷം പെർഫോമൻസ് ഗ്രാന്റ് (Performance grant) കേന്ദ്ര വിഹിതം ലഭ്യമായിട്ടില്ല എങ്കിലും ആയത് |

| | | | |
|---|---|---|---|
| | സഹായം കുറവ് വന്നിട്ടുണ്ടെങ്കിൽ അതിന്റെ കാരണം സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ? | | സംസ്ഥാന സർക്കാർ പ്രാദേശിക സർക്കാരുകൾക്ക് അനുവദിച്ചിട്ടുണ്ട്. എന്നാൽ 2019-20 സാമ്പത്തിക വർഷത്തിലും പെർഫോമൻസ് ഗ്രാന്റ് (Performance grant) കേന്ദ്ര വിഹിതം ലഭ്യമാക്കാത്ത സാഹചര്യത്തിൽ, ആയത് അനുവദിച്ചിട്ടില്ല.<br>2021-22 സാമ്പത്തിക വർഷം Urban Agglomerations ഗ്രാന്റ് തുക കേന്ദ്രത്തിൽ നിന്നും ലഭിച്ചിരുന്നില്ല. ആയത് 2022-23 സാമ്പത്തിക വർഷം കേന്ദ്രത്തിൽ നിന്നും ലഭിക്കുകയും ടി തുക പ്രാദേശിക സർക്കാരുകൾക്ക് വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്.<br>ആരോഗ്യ മേഖല ഗ്രാന്റിനത്തിൽ 2021-22 വർഷം 559 കോടി രൂപ കേന്ദ്ര സർക്കാർ വകയിരുത്തിയിരുന്നു. എങ്കിലും നാളിതുവരെ 427.13 കോടി രൂപയുടെ റിലീസ് മാത്രമേ ലഭ്യമായിട്ടുള്ളൂ. ആയത് സർക്കാർ റിലീസ് ചെയ്തു നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ